എമ്മാവൂസ്

# വചനദൂത്



## സ്വർഗ്ഗം, യഥാർത്ഥ വീട്

ഏലിയാ സ്ലീവ മൂശക്കാലം എട്ടാം ഞായർ മത്താ 22:28-33

Vol.19 / Issue - 19 / 29 Oct 2017

ബ്ര. പുതുശ്ശേരിക്കാലായിൽ

സഹോദരന്മാർ ഒരുമിച്ച് വസിക്കുമ്പോൾ അവരിലൊരാൾ പുത്രനില്ലാതെ മരിച്ചു പോയാൽ അവന്റെ ഭാര്യ അന്യനെ വിവാഹം ചെയ്തുകൂടാ. ഭർത്താവിന്റെ സഹോദരൻ അവളെ പ്രാപിക്കുകയും ഭാര്യയായി സ്വീകരിച്ച് ഭർതൃസഹോദരനു കർമ്മം നിർവഹിക്കുകയും ചെയ്യണം. നിയമാവർത്തന പുസ്തകത്തിന്റെ 25-ാം അധ്യായം 5-ാം വാക്യം ഇസ്രായേൽ ജനത്തിനു നല്കുന്ന നിയമമാണിത്. പുനരുത്ഥാനത്തിലും നിത്യജീവനിലും വിശ്വാസമില്ലാതിരുന്ന സദുക്കായർ ഈശോയെ ഉത്തരം മുട്ടിക്കാൻ പ്രയോഗിക്കുന്ന ചോദ്യം ഈ നിയമത്തെ കേന്ദ്രീകരിച്ചാണ്. ഈ ചോദ്യത്തിന് ഉത്തരത്തെക്കാൾ അവർ പ്രതീക്ഷിച്ചത് യേശുവിന്റെ ഉത്തരം മുട്ടലും ശേഷം പുനരുത്ഥാനമോ നിത്യജീവനോ ഇല്ലായെന്ന തങ്ങളുടെ വാദത്തെ അരക്കിട്ടുറപ്പിക്കലുമാണ്. അതിനുള്ള കരുതലാവാം സകല പഴുതുകളും അടയ്ക്കുമാറ് തികച്ചും സാങ്കല്പികമായ ഒരു കഥപോലും ഉദാഹരണമായി മെനയപ്പെട്ടത്. എല്ലാ വഴികളും അറിയുന്നവനും എല്ലാ ചോദ്യങ്ങൾക്കും ഉത്തരമുള്ളവനുമായവന്റെ മുന്നിലാണ് കടങ്കഥ ചോദ്യവുമായി വന്നു നില്ക്കുന്നതെന്ന് സദുക്കായർ മനസ്സിലാക്കിയില്ല. ഫലമോ തങ്ങളുടെ സകല സങ്കൽപങ്ങളെയും കാറ്റിൽ പറത്തുകയും സമൂഹത്തിലെ ജ്ഞാനികളും ശ്രേഷ്ഠരും എന്ന തലക്കനവുമായി നടന്ന അവരെ ശൂന്യരാക്കുകയും ഈ ലോകവാസം അവസാനം അല്ല, പുനരുത്ഥാനവും ജീവനും ഉണ്ട് എന്ന് വീണ്ടും ശക്തമായി പ്രഖ്യാപിക്കുകയും ചെയ്ത ഈശോയുടെ ഉത്തരമാണ്.

ജീവിതം ഇവിടെ ഈ ലോകത്ത് തീരുകയാണ് എന്ന ചിന്ത മനുഷ്യനിൽ നിറച്ച് അവനെ നിരാശയിലേക്ക് തള്ളിയിടുന്ന പൈശാചിക തന്ത്രമാണ് പുനരുത്ഥാനമോ നിത്യജീവനോ സ്വർഗ്ഗമോ ഇല്ല എന്ന വാദം. ഇത്തരം ചിന്തകൾ മനുഷ്യമനസുകളിൽ നിറയ്ക്കുകയും അവ ഉയർത്തി പിടിച്ച് നടക്കുകയും ചെയ്തവരിൽ പ്രശസ്തരായ

മനഃശാസ്ത്രജ്ഞരും തത്വചിന്തകരുമൊക്കെയുമുണ്ട്. മനഃശാസ്ത്രജ്ഞനായ ഫ്രോയിഡ് മരണത്തെ അന്ത്യമായി കണ്ടപ്പോൾ തത്വചിന്തകനായ ഷോപ്നവർ നിശബ്ദതകൾക്കിടയിൽ സംഭവിക്കുന്ന അനാവശ്യമായ ഒരു അസ്വാസ്ഥ്യമാണ് ജീവിതം എന്ന് വിളിച്ചു പറഞ്ഞു. ഇങ്ങനെ ജീവനെയും ജീവിതത്തെയും നിഷേധിക്കുന്ന സ്വരങ്ങൾ ചുറ്റും അലയടിക്കുമ്പോൾ ജീവിതം മരണത്തോളമേ ഉള്ളൂ എന്നും നിത്യജീവനും സ്വർഗ്ഗവുമൊക്കെ ഒരു മിഥ്യയാണെന്നും നമ്മൾ ഒരു നിമിഷം ചിന്തിച്ചുപോകാം. ജീവിതത്തെ നിഷേധിച്ചു തുടങ്ങിയാൽ പിന്നെ അത് ദൈവനിഷേധത്തിലെത്തിച്ചേരാൻ അധിക സമയം വേണ്ട.

ജീവനും ജീവിതമൂല്യങ്ങൾക്കും വേണ്ടി നിലനിൽക്കേണ്ട നാം എവിടെയോ ജീവസംസ്കാരത്തോടു ബൈ പറഞ്ഞിരിക്കുന്നു. എന്റെ ശരീരവും എന്റെ ജീവിതവും ഈ ലോകജീവിതത്തിൽ എനിക്ക് തോന്നും വിധം ഉപയോഗിക്കാനുള്ള കേവലമൊരു വസ്തു മാത്രമാണ് എന്ന തെറ്റിദ്ധാരണയിലാണ് ബഹുഭൂരിപക്ഷജനങ്ങളും ഇന്ന് ജീവിക്കുന്നത്. വിധിയിൽ വിശ്വാസമില്ലാതിരുന്ന സദുക്കായരെപ്പോലെ നന്മയോ തിന്മയോ ചെയ്യേണ്ടത് മനുഷ്യന്റെ തീരുമാനമാണെന്ന് നമ്മളും വിശ്വസിക്കുന്നു. അതിനിടയിൽ ആത്മാവിന്റെ അനശ്വരതയെയോ അധോലോകത്തിലെ ശിക്ഷയെയോ അങ്ങേ ലോകത്തിൽ ലഭിക്കാനിരിക്കുന്ന സൗഭാഗ്യത്തെയോ നമ്മൾ മറന്നുപോയിരിക്കുന്നു.

ലെബനനിലെ കവിയായ ഖലീൽ ജിബ്രാൻ പറയുന്നു 'പാറ മരിച്ചു കരിങ്കൽ കഷണങ്ങളാകുന്നത് ദൈവാലയങ്ങളിലെ തൂണുകളാകുവാനാണ്. മെഴുകുതിരി മരിക്കുന്നത് പ്രകാശമായി മാറാനാണ് തടി കഷണം മരിക്കുന്നത് അതിന്റെ ഉള്ളിലെ അഗ്നിയെ ജ്വലിപ്പിക്കാനാണ്.' അപ്പോൾ തീർച്ചയായും മനുഷ്യജീവൻ മരണത്തിലവസാനിക്കുന്നതല്ല. മനുഷ്യൻ മരിക്കുന്നതും പ്രത്യേകമായ, ശ്രേഷ്ഠമായ എന്തിനോ വേണ്ടി തന്നെയാവണം. ഇന്നത്തെ വചനത്തിന്റെ 30-ാം വാക്യത്തിൽ ഈശോ തന്നെ ഈ സംശയം സാധൂകരിക്കുന്നു; 'അവർ മരിച്ചത് ദൈവദൂതന്മാരെപ്പോലെയാകാനാണ്.' മനുഷ്യജീവനും മരണത്തിൽ അവസാനിക്കുന്നതല്ല. ഓരോ മനുഷ്യനും മരിക്കുന്നത് സ്വർഗ്ഗത്തിൽ ദൈവദൂതനായി ജനിക്കുന്നതിനു വേണ്ടിയാണ്.

ഈ ബോധ്യം ഉൾക്കൊണ്ടുതന്നെയാണ് വിശുദ്ധരൊക്കെയും നിത്യജീവിതത്തെ ആകാംഷയോടെ കാത്തിരുന്നത്. വി. ചെറുപുഷ്പം മരണവേളയിൽ ഇപ്രകാരം പറഞ്ഞു "ഞാൻ മരിക്കുകയല്ല, ജീവനിലേക്ക് പ്രവേശിക്കുകയാണ്; മരണമല്ല, ദൈവം എന്നെ വിളിക്കുകയാണ്". വിശുദ്ധ അമ്മ ത്രേസ്യ പറയുന്നു: "എനിക്കു ദൈവത്തെ കാണണം, അവിടുത്തെ കാണാൻ ഞാൻ മരിക്കണം." "എന്റെ മക്കളെ യേശുവും അവിടുത്തെ വിശുദ്ധരും രക്തസാക്ഷികളും സ്വർഗ്ഗത്തിൽ നിങ്ങളെ കാത്തുനില്ക്കുന്നുണ്ട് എന്ന് പറഞ്ഞാണ് വിധവയായ ഫെലിചിത്താസ് ക്രിസ്തീയ വിശ്വാസത്തെ പ്രതി മരിക്കേണ്ടി വന്നപ്പോൾ തന്റെ ഏഴു മക്കളെ ധൈര്യപ്പെടുത്തിയത്.

ഈ ലോകവാസവും അതിൽ നിന്നു ലഭിക്കുന്ന സന്തോഷങ്ങളും സൗഭാഗ്യങ്ങളും അല്ല നാം ലക്ഷ്യം വയ്ക്കേണ്ടത് എന്ന തിരിച്ചറിവിലേക്കാണ് ഇന്നത്തെ വചനവും വിശുദ്ധരുടെ ജീവിതങ്ങളുമൊക്കെ നമ്മെ നയിക്കുന്നത്. നമ്മുടെ ഓരോ വ്യർത്ഥ വാക്കിനും പ്രവൃത്തിക്കും വിധിദിവസത്തിൽ നാം കണക്കുകൊടുക്കേണ്ടിയിരിക്കെ, ഈ ലോകവാസം ശാശ്വതമെന്ന് വിശ്വസിച്ച്, ജീവിച്ച് വിഡ്ഢികളായി മാറാതിരിക്കാനാവട്ടെ നമ്മുടെ പ്രവൃത്തികളും പരിശ്രമങ്ങളും. വിശുദ്ധ മദർതെരേസ പറയുന്നതുപോലെ വലിയ കാര്യങ്ങൾ ചെറിയ മനസോടെ ചെയ്യുന്നതിലല്ല, ചെറിയ കാര്യങ്ങൾ വലിയ മനസോടെ സ്വർഗ്ഗപ്രാപ്തി എന്ന ലക്ഷ്യത്തോടെ ചെയ്യുന്നതിലാണ് പുണ്യം. ◆